**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4059** **15-07-2022 - ൽ മറുപടിയ്ക്ക്**

**പാലക്കാട് ജില്ലയിലെ എൽ.ഡി. ടൈപ്പിസ്റ്റ് തസ്തിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . എൻ . ഷംസുദ്ദീൻ | | ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | തദ്ദേശസ്വയംഭരണ, ഗ്രാമ വികസന വകുപ്പുകൾക്കു കീഴിൽ പാലക്കാട് ജില്ലയിലെ ഏതെല്ലാം ഓഫീസുകളിൽ എൽ.ഡി. ടൈപ്പിസ്റ്റ് തസ്തിക ഒഴിഞ്ഞ് കിടപ്പുണ്ടെന്നും ഇവ എവിടെയെല്ലാമാണ് എന്നതിന്റെയും വിശദാംശം നൽകുമോ; | (എ) | **തദ്ദേശ സ്വയംഭരണ പ്ലാനിംഗ് -** പാലക്കാട് ജില്ലാ കാര്യാലയം - 1<br><br>**ലോക്കൽ ഇൻഫ്രാസ്ട്രക്ച്ചർ & എൻജിനീയറിങ് വിങ് -** ഒറ്റപ്പാലം ബ്ലോക്ക് പഞ്ചായത്ത് -1 |
| (ബി) | പ്രസ്തുത തസ്തികകൾ പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്യാത്തതിന്റെ കാരണം എന്താണെന്ന് വിശദമാക്കുമോ; | (ബി) | പ്ലാനിംഗ് വകുപ്പിൽ നിലവിലുള്ള ഒരു ഒഴിവിലേക്ക് നിയമനഉത്തരവ് നല്കിയിട്ടുണ്ട്. നിയമനം നേടിയ ആൾ ജോലിയിൽ പ്രവേശിക്കുന്നതിനുള്ള കാലയളവ് ദീർഘിപ്പിക്കുന്നതിനായി അപേക്ഷ നല്കിയിട്ടുള്ളതായി ചീഫ് ടൗൺ പ്ലാനർ അറിയിച്ചിട്ടുണ്ട്.<br><br>എൻജിനീയറിങ് വിഭാഗത്തിലെ നിലവിലുള്ള ഒരു ഒഴിവ് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതായി ചീഫ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട് |
| (സി) | പ്രസ്തുത തസ്തികയിലെ ഒഴിവുകൾ തടഞ്ഞ് വെയ്ക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (ഡി) | ഒഴിവുകൾ അടിയന്തരമായി പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്യുവാൻ നിർദ്ദേശം നൽകുമോ? | (ഡി) | ഒഴിവുകൾ യഥാസമയം പി എസ് സി യ്ക്ക് റിപ്പോർട്ട് ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ